**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 567** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>സഹകരണ ബാങ്കുകളുടെ ഡിജിറ്റലൈസേഷൻ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഫൈസൽ ബാബു

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിലെ സഹകരണ ബാങ്കുകളുടെ സേവനങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്;

**<u>മറുപടി:</u>** കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിൽ മാത്രമായി സഹകരണ ബാങ്കുകളുടെ സേവനങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനായി പദ്ധതികൾ ഒന്നും നടപ്പിലാക്കുന്നില്ല.

**(ബി)** വനിതാ സഹകരണ സംഘങ്ങളെയും യുവജന സഹകരണ സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** വനിതാ സഹകരണ സംഘങ്ങളെയും യുവജന സഹകരണ സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ പദ്ധതികൾ സർക്കാർ ആലോചിക്കുന്നതാണ്.

**(സി)** നഗര മേഖലയിലെ ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

**<u>മറുപടി:</u>** കുറഞ്ഞ നിരക്കിൽ ഉപഭോക്തൃ ഉല്പന്നങ്ങൾ, സ്റ്റേഷനറി വസ്തുക്കൾ എന്നിവ ഉപഭോക്താക്കൾക്ക് നൽകുന്നതിലും സ്വകാര്യ ചൂഷണത്തിൽ നിന്നും അവരെ സംരക്ഷിക്കുന്നതിനും കുതിച്ചുയരുന്ന വിലനിലവാരത്തിൽ നിന്ന് താഴെത്തട്ടിലുള്ള ജനങ്ങളെ സംരക്ഷിക്കുന്നതിനും അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതിനുമായി ഉപഭോക്തൃ സഹകരണ സംഘങ്ങൾക്ക് 2026-2027 ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**